(ബി) മേൽപ്പറഞ്ഞ അപകടത്തിൽ ബസ് ഒരു വയലിലേക്ക് മറിഞ്ഞതിന്റെ ഫലമായി ശ്രീ. മുളയ്ക്കൽ ജോസഫിന്റെ നിലത്തിൽ കൃഷി ചെയ്തിരുന്ന വിളകൾക്ക് നാശം സംഭവിച്ചിട്ടുണ്ട്. മൊത്തം നഷ്ടം നിജപ്പെടുത്താനുള്ള നടപടികൾ എടുത്തുവരുന്നു. നടപടി പൂർത്തിയാക്കി കഴിവതും വേഗം നഷ്ടപരിഹാരം നൽകുന്നതാണ്.

കെ. എസ്. ആർ.ടി.സി. ഒരു ദിവസം ക്യാൻസൽ ചെയ്യുന്ന ഷെഡ്യൂളുകൾ

850. [1046] ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി.യിൽ ഓരോ ദിവസവും എത്ര ഷെഡ്യൂളുകൾ വീതം ക്യാൻസൽ ചെയ്യുന്നുണ്ട് ?

ഉത്തരം

ദിവസേന ശരാശരി 20% ഷെഡ്യൂൾഡ് കിലോമീറ്റർ ക്യാൻസൽ ചെയ്യുന്നുണ്ട്.

വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

851. [1047] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എത്ര ഷെഡ്യൂളുകളാണ് ഇപ്പോൾ ഉള്ളത് ;

(ബി) ഇതിൽ ശരാശരി എത്ര ശതമാനം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്നു ;

(സി) ക്യാൻസൽ ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ ;

(ഡി) മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ് ചെയ്യുന്നതിനുള്ള സംവിധാനം അടിയന്തിരമായി ഏർപ്പെടുത്തുമോ ;

(ഇ) വിഴിഞ്ഞം ഡിപ്പോയിൽ എത്ര ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇറങ്ങിയ പുതിയ ബസ്സുകളിൽ വിഴിഞ്ഞം ഡിപ്പോയ്ക്ക് എത്രയെണ്ണം നൽകിയിട്ടുണ്ട് ;

(ജി) തീരെ പഴക്കംചെന്ന ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 64 ഷെഡ്യൂളുകൾ

(ബി) ശരാശരി 39 ശതമാനം

(സി) വാഹനങ്ങളുടെ ദൗർലഭ്യംമൂലമാണ് ചില ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യേണ്ടിവരുന്നത്

(ഡി) അക്കാര്യം ശ്രമിക്കുന്നതാണ്.

(ഇ) 13 ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ ഉണ്ട്.

(എഫ്) ഒരു വർഷത്തിനുള്ളിൽ പുതിയ ബസ്സുകളൊന്നും നൽകിയിട്ടില്ല.

(ജി) ബസ്സുകളുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly